"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീമതി. ലിജി എ.എസ്, സീനിയർ സൂപ്രണ്ട്, കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, തിരുവനന്തപുരം - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ അധിക ചുമതല വഹിച്ചത് - ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.524/2026/ID തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. കൈത്തറി വസ്ത്ര ഡയറക്ടറുടെ 12/03/2025-ലെ HL/582/2025-E1 നമ്പർ നടപടിക്രമം
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 09/09/2025-ലെ DIC/3221/2025-ED2 നമ്പർ കത്ത്
3. 04/12/2025-ലെ സ.ഉ. (സാധാ) നം. 1488/2025/വ്യവ

**<u>ഉത്തരവ്</u>**

കൈത്തറി വസ്ത്ര ഡയറക്ടറേറ്റിലെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. ശിവകുമാർ. എസ് 10/03/2025 മുതൽ 29/03/2025 വരെ പരിവർത്തിതാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പ്രസ്തുത തസ്തികയുടെ അധിക ചുമതല സീനിയർ സൂപ്രണ്ട് ശ്രീമതി. ലിജി. എ.എസ്-ന് നൽകി പരാമർശം (1)-ലെ പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം കൈത്തറി വസ്ത്ര ഡയറക്ടറേറ്റിലെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അഭാവത്തിൽ പ്രസ്തുത തസ്തികയുടെ അധിക ചുമതല സീനിയർ സൂപ്രണ്ട് ശ്രീമതി. ലിജി. എ.എസ്-ന് നല്കിയ പരാമർശം (1)-ലെ നടപടിക്രമം പരാമർശം (3) പ്രകാരം സാധൂകരിച്ച് ഉത്തരവായിട്ടുണ്ട്.

2. കൈത്തറി വസ്ത്ര ഡയറക്ടറേറ്റിലെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. ശിവകുമാർ. എസ് 10/03/2025 മുതൽ 29/03/2025 വരെ പരിവർത്തിതാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച സീനിയർ സൂപ്രണ്ട് ശ്രീമതി. ലിജി. എ.എസ്-ന് അർഹമായ ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കൈത്തറി വസ്ത്ര ഡയറക്ടറേറ്റിലെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അഭാവത്തിൽ പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച ശ്രീമതി. ലിജി. എ.എസ്-ന് 10/03/2025 മുതൽ 29/03/2025 വരെയുള്ള കാലയളവിലെ ചാർജ്ജ് കൈമാറ്റ ഉത്തരവ് തീയതി 12/03/2025 ആകയാൽ 12/03/2025 മുതൽ 29/03/2025 കാലയളവിലേയ്ക്ക് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A (II) (c), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4 % എന്ന നിരക്കിൽ

ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. ലിജി എ.എസ് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 08-03-2026 10:41:40